കാലവർഷക്കെടുതിക്കുള്ള കേന്ദ്ര സഹായം

225 (1282) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തൊട്ടാകെ എത്ര രൂപയുടെ നാശനഷ്ടമാണുണ്ടായത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നാശനഷ്ടങ്ങൾക്ക് ധനസഹായമായി കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ എത്ര രൂപയാണ് ആവശ്യപ്പെട്ടത് ;

(സി) എത്ര രൂപയാണ് ധനസഹായമായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തൊട്ടാകെ 25832.78 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

1.	ജീവഹാനിയും പരുക്കും (ജീവഹാനി-123, പരുക്ക്-24)	194.94
2.	വീട് നഷ്ടപ്പെട്ടത്	2064.8
3.	ശവസംസ്കാരം	1.23
4.	കൃഷിനാശം	1216.9
5.	അണ സംരക്ഷണത്തിന്	11.7575
6.	അവശിഷ്ടം നീക്കം ചെയ്യൽ	36.7358
7.	മത്സ്യക്കുളങ്ങളുടെ നവീകരണം	681.453
8.	ബോട്ടുകൾ	27.702
9.	വൈദ്യുതി	1088.0743
10.	റോഡുകളും പാലങ്ങളും	19879.98
11.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുവകകൾ	279.85
12.	കുടിവെള്ള വിതരണം	209.86
13.	മൃഗ സംരക്ഷണം	92
14.	വീടിനോട് ചേർന്നുള്ള കാലിത്തൊഴുത്ത്	13
15.	ജലസേചനം	34.5

(ബി) നാശനഷ്ടങ്ങൾക്ക് ധനസഹായമായി കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആകെ 25832.78 ലക്ഷം രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ഒന്നുംതന്നെ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly